"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റായ ശ്രീ ജോൺസൺ ലിജോയ്ക്ക് 31/01/2022 മുതൽ 30/04/2022 വരെ പ്രത്യേക അവശതാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1792/2023/LSGD  തീയതി,തിരുവനന്തപുരം, 09-09-2023

പരാമർശം:- 1. സ.ഉ(പി) നം. 112/2017/ധന തിയതി 24.08.2017 .

2. പഞ്ചായത്ത് ഡയറക്ടറുടെ 28.06.2022 തിയതിയിലെ PAN/7270/2022-E10(DP) നമ്പർ കത്ത് .

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2023 തിയതിയിലെ LSGD/PD/34521/2023-DEF2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റായ ശ്രീ ജോൺസൺ ലിജോയ്ക്ക്, ഓഫീസ് ഡ്യൂട്ടിയ്ക്കായുള്ള യാത്രയിൽ 30.01.2022 ന് വാഹനാപകടം സംഭവിക്കുകയും, കാലിന് ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ച ടിയാനെ അന്നേ ദിവസം തന്നെ സർജറിയ്ക്ക് വിധേയനാക്കിയെന്നും, ചികിത്സ കഴിഞ്ഞ് 19/02/2022 ൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ള ടിയാൾ തുടർന്നും ചികിത്സയിലായതിനാൽ ടിയാന് 31/01/2022 തീയതി മുതൽ 30/04/2022 വരെ മൂന്ന് മാസത്തേക്ക് ജോലിയ്ക്ക് ഹാജരാകുവാൻ സാധിച്ചിരുന്നില്ലെന്നും, ആയതിനാൽ ഇക്കാലയളവ് പ്രത്യേക അവശതാവധിയായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് അനുബന്ധ രേഖകൾ സഹിതം ശ്രീ ജോൺസൺ ലിജോ സമർപ്പിച്ച അവധി അപേക്ഷ അനുകൂല ശുപാർശയോടെ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റായ ശ്രീ ജോൺസൺ ലിജോയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം മേലധികാരിയുടെ സാക്ഷ്യ പത്രത്തിന്റേയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ പാർട്ട് 1 ചട്ടം 98 പ്രകാരം 31/01/2022 തീയതി മുതൽ 30/04/2022 വരെ 90 (തൊണ്ണൂറ്) ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ ജോൺസൺ ലിജോ, ഓഫീസ് അറ്റൻഡന്റ്, വാഴക്കുളം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/144/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-09-2023 11:59:44